പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1546 | 12-06-2019-ലെ മറുപടിയ്ക്ക്

**പ്രളയത്തിൽ തകർന്ന കാർഷികസംരംഭങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | മഹാപ്രളയത്തിൽ റബ്ബർ നഴ്സറി ഉൾപ്പെടെ ഉള്ള കാർഷികസംരംഭങ്ങൾ നശിച്ചുപോയതിന്റെ കണക്ക് എടുത്തിട്ടുണ്ടോ; | **(എ) & (ബി)** | ഉണ്ട്. പത്തനംതിട്ട ജില്ലയിൽ 6 റബ്ബർ നേഴ്സറികൾക്കും, ആങ്ങമൂഴി, കൈപ്പട്ടൂർ എന്നിവിടങ്ങളിലെ ഗ്രൂപ്പ് പ്രോസസിംഗ് സെന്ററുകൾക്കും 44 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| **(ബി)** | പത്തനംതിട്ടയിൽ എത്ര സ്ഥാപനങ്ങളാണ് ഇത്തരത്തിൽ വെള്ളപ്പൊക്കത്തിൽ തകർന്നുപോയത്;എത്ര രൂപയുടെ നഷ്ടം ഇത്തരത്തിൽ ആകെ ഉണ്ടായതായി കണക്കാക്കുന്നു;വിശദമാക്കുമോ; | | |
| **(സി)** | റീ-ബിൽഡ് കേരള പദ്ധതിയിൽ ഇത്തരം കാർഷികസംരംഭം നടത്തുന്ന ആളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; | **(സി) & (ഡി)** | റീ-ബിൽഡ് കേരള പദ്ധതിയിൽ പ്രളയാനന്തര ദുരിതാശ്വാസത്തിനുപരി പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ ആവശ്യമായ സംസ്ഥാന തല ചട്ടക്കൂട് രൂപീകരിക്കുക, കാലാവസ്ഥ വ്യതിയാനംകൊണ്ടുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പ്രഹരം ചെറുക്കുന്നതിനുള്ള സ്ഥാപന സാമ്പത്തിക ശേഷി ഉയർത്തുക തുടങ്ങിയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| **(ഡി)** | ഇല്ലെങ്കിൽ ഇത്തരക്കാരെ കൂടെ ഉൾപ്പെടുത്തി നഷ്ടപരിഹാരം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**